# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.09.2026**

### പ്രധാനവാർത്തകൾ

1. ആഗോള വെല്ലുവിളികൾക്കിടയിലും രാജ്യം 7.8 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. പരമ്പരാഗത രീതികളിൽ നിന്ന് മാറാതെ കേരളത്തെ വികസനത്തിലേക്ക് നയിക്കാനാകില്ലെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. സംസ്ഥാനത്ത് സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി വി.ഇ അബ്ദുൽ ഗഫൂർ.
4. കോവിഡ് ബാധിച്ച് പ്രധാന വരുമാനദായകർ മരിച്ച ബിപിഎൽ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായ പദ്ധതിക്ക് 9.96 കോടി രൂപ അനുവദിച്ച് സംസ്ഥാന സർക്കാർ.
5. സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത
6. ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ന്യൂഡൽഹിയിൽ.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## സെമികോൺ ഇന്ത്യ 2026 (ഇൻട്രോ)

വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തിലും രാജ്യം 7.8 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സെമികോൺ ഇന്ത്യ 2026 ഉദ്ഘാടനം ന്യൂഡൽഹിയിലെ യശോഭൂമിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം .ഇന്ത്യയിലെ സെമികണ്ടക്ടർ മേഖല അതിവേഗം വികസിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**വിശദാംശങ്ങളിലേക്ക് ....**

**(വോയ്സ്)**

## സെമികോൺ ഇന്ത്യ 2026 (വോയ്സ്)

മൊഹാലി, സൂററ്റ് എന്നിവിടങ്ങളിൽ രണ്ട് സെമി കണ്ടക്ടർ വാണിജ്യ ഉൽപ്പാദന പ്ലാന്റുകളിൽ പ്രവർത്തനം ആരംഭിച്ചതായും ഇതുവരെ 12 ചിപ്പ് നിർമ്മാണ പദ്ധതികൾക്ക് അനുമതി നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ സെമികണ്ടക്ടർ മിഷൻ 2.0 പദ്ധതിക്ക് 13.5 ബില്യൺ ഡോളർ നീക്കി വെച്ചതായി ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, ജപ്പാനിലെ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ഇന്ത്യയുടെ സോവറൻ റേറ്റിംഗ് ഉയർത്തിയതായും വ്യക്തമാക്കി.

**(പിഎം വോയിസ് ...)**

മൂന്ന് ദിവസം നീളുന്ന സെമികോൺ ഇന്ത്യ മേളയിൽ 600-ലധികം പ്രദർശകരും 300-ഓളം അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പങ്കെടുക്കുന്നുണ്ട്.

**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&&&&&&

## സേവാ സങ്കൽപ്പ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാന് ഇന്നു മുതൽ തുടക്കമായി. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' എന്ന

RNU TVPM

ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുന്നതാണ് സേവാ സങ്കൽപ്പ് അഭിയാൻ.

&&&&&&&&&&&&&&&&&&&&&&

## രാജ് നാഥ് സിംഗ്- കൊച്ചി

രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. എളമക്കര ഭാസ്കരീയം കൺവെൻഷൻ സെൻററിൽ ജന്മഭൂമി സംഘടിപ്പിക്കുന്ന പരിപാടി അദ്ദേഹം ഉദ്ഘാടനം ചെയ്യും. സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് . രാവിലെ 11 മുതൽ വൈകിട്ട് നാല് വരെയാണ് നിയന്ത്രണം.

&&&&&&&&&&&&&&&&&&&&&&

## സ്വച്ഛത ഹി സേവ

രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന 'സ്വച്ഛത ഹി സേവ' ക്യാമ്പയിൻ 2026-ന് തുടക്കമായി. തിരുവനന്തപുരം റെയിൽവേ ഡിവിഷൻ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സംഘടിപ്പിച്ച 'സ്വച്ഛത ഹി സേവ 2026' പ്രചാരണം തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ പരിപാടി ഉദ്ഘാടനം ചെയ്തു. ശുചിത്വ പ്രവർത്തനങ്ങളിൽ റെയിൽവേ ജീവനക്കാരും യാത്രക്കാരും പങ്കാളികളാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

ചടങ്ങിൽ സ്വച്ഛത പ്രതിജ്ഞ എടുത്തു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഇന്ത്യാ ടുഡേ

പരമ്പരാഗത രീതികളിൽ നിന്ന് മാറാതെ കേരളത്തെ വികസനത്തിലേക്ക് നയിക്കാനാകില്ലെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഇന്ത്യാ ടുഡേ സംഘടിപ്പിച്ച റൗണ്ട് ടേബിളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വലിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ കേരളത്തിന് തടസ്സമാകുന്നത് സ്ഥല ലഭ്യതയാണെന്ന് മനസ്സിലാക്കി അസറ്റ് മാപ്പിങ് രജിസ്ട്രി തയ്യാറാക്കുകയാണോന്നും മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## കോവിഡ് - സഹായം

കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായത്തിനായി സംസ്ഥാന സർക്കാർ 9.96 കോടി രൂപ അനുവദിച്ചു. കോവിഡ് ബാധിച്ച് പ്രധാന വരുമാനദായകർ മരിച്ച ബിപിഎൽ കുടുംബങ്ങൾക്കാണ് ധനസഹായം.

ഇത്തരം കുടുംബങ്ങൾക്ക് ബാങ്ക് അക്കൗണ്ട് വഴി പ്രതിമാസം 5,000 രൂപ വീതം മൂന്ന് വർഷത്തേക്ക് നൽകുന്നതാണ് പദ്ധതി.

&&&&&&&&&&&&&&&&&&&&&&

## ഇൻഷുറൻസ് പരിരക്ഷ

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സ്വാഭാവിക മരണം സംഭവിച്ചാലും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി വി.ഇ അബ്ദുൽ ഗഫൂർ. മത്സ്യമേഖലയിലെ ബോട്ടുടമകളുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി, പുതിയ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചത്. പുതിയ പദ്ധതി നിലവിൽ വരുന്നതോടെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാകും.

&&&&&&&&&&&&&&&&&&&&&&

## മന്ത്രി എൻ. ഷംസുദ്ദീൻ

സംസ്ഥാനത്ത് പുതിയതായി അഞ്ച് ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ. സർക്കാർ സർവ്വീസുകളിൽ ന്യൂനപക്ഷ യുവജനങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഇടവ, താനൂർ, ഗുരുവായൂർ, വെള്ളമുണ്ട, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ പരിശീലന കേന്ദ്രങ്ങൾ അടുത്തയാഴ്ചയോടെ പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## സായന്തനം- റോജി.എം.ജോൺ

വയോജനങ്ങളുടെ സംരക്ഷണത്തിനായി 'സായന്തനം' പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി റോജി. എം. ജോൺ. തിരുവനന്തപുരത്ത് നടന്ന, 2026-27 ലെ സംസ്ഥാന നാഷണൽ

PNUTVPM

സർവീസ് സ്കീം ഉപദേശക സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

**കണ്ണൂർ - പട്ടയമേള (ഇൻട്രോ)**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കണ്ണൂർ ജില്ലാതല പട്ടയമേള നാളെ നടക്കും . മന്ത്രി എ പി അനിൽകുമാർ ഉദ്ഘാടനം ചെയ്യും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ.... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

**മഴ - കേരളം**

സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ആലപ്പുഴ,കോട്ടയം, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&&&&&

**ക്രിക്കറ്റ്**

ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളിലും വിജയം നേടി ഇന്ത്യ ഇതിനകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

**കാര്യവട്ടം- ക്രിക്കറ്റ് ടിക്കറ്റ് വിൽപ്പന**

തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിനുള്ള ടിക്കറ്റ് വിൽപ്പന ഇന്ന് നടക്കും. ഈ മാസം 27 നാണ് മത്സരം.വിദ്യാർത്ഥികൾക്ക് പ്രത്യേക നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാകും .

&&&&&&&&&&&&&&&&&&&&&&

RNU TVPM

## തച്ചങ്കരി - ശിക്ഷാ വിധി

അനധികൃത സ്വത്ത് സമ്പാദന കേസിൽ മുൻ ഡി ജി പി ടോമിൻ തച്ചങ്കരിക്ക് നാല് വർഷം തടവും 30.84 ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ച് കോട്ടയം വിജിലൻസ് കോടതി. ഔദ്യോഗിക പദവിയിലിരിക്കെ 2003 ജനുവരി മുതൽ 2007 ജൂലൈ വരെയുള്ള കാലയളവിൽ 64.70 ലക്ഷം രൂപയുടെ അനധികൃത സ്വത്ത് സമ്പാദിച്ചുവെന്നാണ് വിജിലൻസ് കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&&&&&

## ആൻറോ അഗസ്റ്റിൻ അറസ്റ്റിൽ

വയനാട്ടിലെ വീട്ടിൽ അനധികൃത അളവിൽ മദ്യം ശേഖരിച്ച കേസിൽ അറസ്റ്റിലായ റിപ്പോർട്ടർ ചാനൽ മേധാവി ആൻ്റോ അഗസ്റ്റിനെ സുൽത്താൻ ബത്തേരി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ജുഡീഷ്യൽ കോടതിയിൽ ഹാജരാക്കി.

ഇന്ന് ഉച്ചയോടെയാണ് കൊച്ചിയിൽ നിന്ന് ആന്റോയെ വയനാട്ടിൽ എത്തിച്ചത്.

&&&&&&&&&&&&&&&&&&&&&&

## ഏകാധ്യാപക വിദ്യാലയങ്ങൾ

സംസ്ഥാനത് ഇനി ഏകാധ്യാപക വിദ്യാലയങ്ങളില്ല.

നിലവിലെ എട്ട് ഏകാധ്യാപക വിദ്യാലയങ്ങളെ എൽ.പി സ്കൂളുകളായി ഉയർത്തി സർക്കാർ ഉത്തരവിറക്കി. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ. ഷംസുദ്ദീന്റെ നിർദ്ദേശ പ്രകാരമാണ് നടപടി.

&&&&&&&&&&&&&&&&&&&&&&

## സംരംഭകത്വ കോൺക്ലേവ്

കേരള സ്റ്റാർട്ടപ്പ് മിഷൻറെ 'സാമൂഹിക സംരംഭകത്വ കോൺക്ലേവ്' ഈ മാസം 30 ന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

കോൺക്ലേവിനോടനുബന്ധിച്ച് നടക്കുന്ന വനിതാ സ്റ്റാർട്ടപ്പ് സെല്ലിൻറെ ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും.

RIUTVPM

സ്റ്റാർട്ടപ്പ് സാക്ഷരതാ കാമ്പയ്നിൻറെ ആദ്യ പതിപ്പും കോൺക്ലേവിൻറെ ഭാഗമായി ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ എസ് ഇ ബി. രാത്രി 12:45 വരെയാണ് നിയന്ത്രണം.

&&&&&&&&&&&&&&&&&&&&&&

## ഇൻ്റർനാഷണൽ നേച്ചർ ഫെസ്റ്റിവൽ - ലോഗോ

അടുത്ത വർഷം ഫെബ്രുവരിയിൽ നടക്കുന്ന ഇൻ്റർനാഷണൽ നേച്ചർ ഫെസ്റ്റിവൽ ഓഫ് കേരളയുടെ ലോഗോ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു. കേരളത്തിലെ സസ്യ - ജീവജാലങ്ങളെ കോർത്തിണക്കുന്ന ലോഗോ നിർമ്മിച്ചത് പ്രമുഖ മലയാളി ഡിസൈനറായ അഭിലാഷ് ചാക്കോയാണ്.

&&&&&&&&&&&&&&&&&&&&&&

## ശില്പശാല - സണ്ണി ജോസഫ്

പരിസ്ഥിതി സംരക്ഷണത്തിൽ അവബോധം വളർത്തുന്നതിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ടെന്ന് മന്ത്രി സണ്ണി ജോസഫ്. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെയും ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരത് നടന്ന മാധ്യമ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

## ഓഹരി, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് 21 പോയിന്റ് നഷ്ടത്തിൽ 74,314 ലും നിഫ്റ്റി 53 പോയിന്റ് ഉയർന്ന് 23,270 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 440 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,080 രൂപയായി. 14,010 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## കെഎസ്ആർടിസി - മന്ത്രി സി പി ജോൺ

പുതിയ പരിഷ്കാരങ്ങളിലൂടെ കെഎസ്ആർടിസിയെ വളർച്ചയുടെ പാതയിലേക്ക് നയിക്കുകയാണെന്ന് മന്ത്രി
സി പി ജോൺ. മൂലധനച്ചെലവ് കുറച്ചും സർവീസുകൾ കൂട്ടിയും പുതിയ വരുമാനമാർഗങ്ങൾ തേടിയും കെഎസ്ആർടിസിയെ നവീകരിക്കുകയാണ് ലക്ഷ്യമെന്ന് ഗതാഗത മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## ഭൂമി പദ്ധതി - മുഖ്യമന്ത്രി വി. ഡി സതീശൻ

വയനാട്ടിൽ ഭൂമി പദ്ധതിയുടെ ഭാഗമായി ഡിസംബർ 19, 20 തീയതികളിൽ ഭൂമി കോൺക്ലേവ് സംഘടിപ്പിക്കും . വയനാട്ടിലെ വികസന പ്രവർത്തനങ്ങളെ വിവിധ മേഖലകളുമായി ഏകോപിപ്പിക്കുന്ന സഹകരണ സംവിധാനമാണ് ഭൂമി പദ്ധതി. സർക്കാർ പ്രതിനിധികൾ, കോർപ്പറേറ്റ്, CSR രംഗത്തെ പ്രമുഖർ ഉൾപ്പെടെയുള്ളവർ കോൺക്ലേവിൽ പങ്കെടുക്കും. പദ്ധതിയുടെ വെബ് പ്ലാറ്റ്ഫോം മുഖ്യമന്ത്രി വി. ഡി സതീശൻ ഉദ്ഘാടനം ചെയ്യു.

&&&&&&&&&&&&&&&&&&&&&&

## മന്ത്രി കെ. മുരളീധരൻ

തിരുവനന്തപുരത്തെ മൂന്ന് പ്രധാന ആരോഗ്യസ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിന് സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി കെ.മുരളീധരൻ. തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട മാതൃക ജില്ലാ ആശുപത്രി, പേരൂർക്കട ഹാപ്പിനസ് ആൻഡ് വെൽനസ് സെന്റർ എന്നിവയുടെ വികസനത്തിന് ഇൻകെല്ലിനാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM